2023
APRIL
10
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## ആഗോള വളർച്ചയുടെ 50% ഇന്ത്യയുടേതാകും: ഐഎംഎഫ്



**വാഷിങ്ടൻ:** ഈ വർഷം ആഗോള സാമ്പത്തിക വളർച്ചയുടെ പകുതിയും സംഭാവന ചെയ്യുക ഇന്ത്യയും ചൈനയുമായിരിക്കുമെന്ന് രാജ്യാന്തര നാണ്യനിധി(ഐഎംഎഫ്) എംഡി ക്രിസ്റ്റാലിന ജോർജീവ. ലോകത്തിന്റെ സാമ്പത്തിക വളർച്ച ഈ വർഷം 3 ശതമാനത്തിൽ താഴെയായിരിക്കുമെന്നും അവർ പറഞ്ഞു. കോവിഡ് മഹാമാരിയും, റഷ്യയുടെ യുക്രെയ്ൻ അധിനിവേശവും ഉയർത്തുന്ന വെല്ലുവിളി ഈ വർഷവും തുടർന്നേക്കും. സാമ്പത്തിക രംഗത്തെ മുരടിപ്പ് നീണ്ടുനിൽക്കും. അടുത്ത അഞ്ചു വർഷത്തേക്ക് വളർച്ച മൂന്നു ശതമാനത്തിൽ താഴെയായിരിക്കാനാണ് സാധ്യത. 1990നു ശേഷം ഇത്രയും താഴ്ന്ന വളർച്ചാ അനുമാനം ആദ്യമാണ്.

ഈ വെല്ലുവിളികൾക്കിടയിലും ഇന്ത്യയും ചൈനയും പ്രതീക്ഷ നൽകുന്നു. എന്നാൽ ഏഷ്യയിലെ മറ്റു രാജ്യങ്ങൾ ബുദ്ധിമുട്ടിയേക്കും. 6.1 ശതമാനം വളർച്ചയോടെ 2021ൽ ലോക സാമ്പത്തിക രംഗം മികച്ച തിരിച്ചുവരവാണ് നടത്തിയത്. എന്നാൽ യുക്രെയ്ൻ റഷ്യ യുദ്ധം എല്ലാം അവതാളത്തിലാക്കി. 2022ൽ വളർച്ച 3.4ശതമാനത്തിലേക്ക് കൂപ്പുകുത്തി. വരുമാനം കുറഞ്ഞ രാജ്യങ്ങൾ കഷ്ടപ്പെടുകയാണ്. ദാരിദ്ര്യവും പട്ടിണിയും ഇനിയും വർധിച്ചേക്കുമെന്നും അവർ മുന്നറിയിപ്പു നൽകുന്നു.

# കേരളത്തിന്റെ ഭക്ഷ്യവസ്തു കയറ്റുമതി കുതിക്കുന്നു

**കൊച്ചി:** ഈ വർഷം ആദ്യ 3 മാസത്തിനിടെ കേരളത്തിലെ 4 വിമാനത്താവളങ്ങൾ മുഖേന കയറ്റി അയച്ചതു മത്സ്യവും പച്ചക്കറികളും പഴവർഗങ്ങളും മുട്ടയും ഉൾപ്പെടെ 13949.75 ടൺ ഭക്ഷ്യ ഉൽപന്നങ്ങൾ. ജനുവരിയിൽ 4392.38 ടണ്ണും ഫെബ്രുവരിയിൽ 4291.86 ടണ്ണും കയറ്റുമതി ചെയ്തപ്പോൾ മാർച്ചിൽ വിമാനം കയറിയത് 5265.50 ടൺ. കോവിഡ് ദുരിത കാലത്തിനു ശേഷം കേരളത്തിൽ നിന്നു സംസ്കരിക്കാത്ത ഭക്ഷ്യ വസ്തുക്കളുടെ കയറ്റുമതിയിൽ ഘട്ടം ഘട്ടമായ വർധന പ്രകടമാണ്.

കയറ്റുമതിയുടെ കണക്കിൽ മുന്നിൽ കൊച്ചി രാജ്യാന്തര വിമാനത്താവളമാണ്. ആകെ 5807.947 ടൺ. തിരുവനന്തപുരം 3520.11, കോഴിക്കോട് 3645.88, കണ്ണൂർ 975.80 ടൺ എന്നിങ്ങനെയാണു മറ്റു വിമാനത്താവളങ്ങളുടെ പച്ചക്കറി, പഴവർഗ കയറ്റുമതി സംഭാവന.



പ്രധാനമായും കൊച്ചി വഴിയാണു മത്സ്യ മുട്ട കയറ്റുമതി. ഗൾഫ് രാജ്യങ്ങളാണു പ്രധാന വിപണിയെങ്കിലും ദുബായിൽ എത്തിച്ച ശേഷം യുകെ, അയർലൻഡ്, യുഎസ് തുടങ്ങിയ രാജ്യങ്ങളിലേക്കും അയയ്ക്കാറുണ്ട്. ഗുണനിലവാര പരിശോധനാ ലാബുകളും കേടു കൂടാതെ സൂക്ഷിക്കാൻ ആവശ്യമായ കോൾഡ് സ്റ്റോറേജുകളും ഇല്ലാത്തതാണു കയറ്റുമതി വ്യവസായികൾ നേരിടുന്ന വലിയ പ്രതിസന്ധി.

എൻഎബിഎൽ (നാഷനൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് ആൻഡ് കാലിബ്രേഷൻ ലാബ്സ്) അംഗീകാരമുള്ള ലാബുകളുടെ സേവനത്തിനായി ചെന്നൈ അല്ലെങ്കിൽ ബെംഗളൂരുവിനെ ആശ്രയിക്കണം. പരിശോധനാ ഫലം വരുമ്പോഴേക്കും ഇവിടെ പച്ചക്കറിയും മറ്റും ചീഞ്ഞു തുടങ്ങും.

എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസി (ഇഐഎ) സൗകര്യം കേരളത്തിൽ ആരംഭിക്കണമെന്നാണു കയറ്റുമതി സമൂഹം ആവശ്യപ്പെടുന്നത്. വിമാനത്താവളങ്ങളിലും പരിസരത്തും വിപുലമായ സൗകര്യങ്ങളുള്ള കോൾഡ് സ്റ്റോറേജുകൾ ഇല്ലാത്തതാണു മറ്റൊരു തിരിച്ചടി.

## ഇന്ത്യയിലെ ആദ്യ ആപ്പിൾ സ്റ്റോർ ഈ മാസം തുറക്കും

**മുംബൈ:** ആപ്പിൾ കമ്പനി നേരിട്ട് നടത്തുന്ന ഇന്ത്യയിലെ ആദ്യത്തെ സ്റ്റോർ ഈ മാസം അവസാനം ബാന്ദ്ര കുർള കോംപ്ലക്സിൽ (ബികെസി) ആരംഭിക്കും. ജിയോ വേൾഡ് ഡ്രൈവ് മാളിലാണ് ആപ്പിൾ ഉൽപന്നങ്ങളുടെ സ്റ്റോർ തുറക്കുന്നത്. മൂന്നു നിലയിലായാണ് സ്റ്റോർ. മുംബൈയിലെ പ്രശസ്തമായ കറുപ്പും മഞ്ഞയും ചേർന്ന ടാക്സികളിൽനിന്നു പ്രചോദനം ഉൾക്കൊണ്ടാണ് സ്റ്റോറിന്റെ ഡിസൈൻ. രാജ്യത്തെ സ്മാർട് ഫോൺ വിപണിയിൽ 4 ശതമാനമാണ് ആപ്പിളിന്റെ പങ്കാളിത്തം. 35 ശതമാനം വളർച്ചയാണ് ഈ വർഷം പ്രതീക്ഷിക്കുന്നത്.

## മെന്റർഷിപ്: സ്റ്റാർട്ടപ്പുകൾക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള സ്റ്റാർട്ടപ് മിഷന്റെ പ്രതിമാസ മെന്റർഷിപ് പരിപാടിയായ മൈൻഡിലേക്ക് ( മെന്റർ ഇൻസ്പയേഡ് നെറ്റ്‌വർക്കിങ് ഡിമാൻഡ്) സോഷ്യൽ ഇംപാക്ട് സ്റ്റാർട്ടപ്പുകൾക്ക് അപേക്ഷിക്കാം.

സ്റ്റാർട്ടപ് സ്ഥാപകരും മാർഗനിർദേശകരും തമ്മിലുള്ള ആശയവിനിമയം മെച്ചപ്പെടുത്താൻ മെന്റർഷിപ് പരിപാടി അവസരമൊരുക്കും. മൈൻഡിന്റെ ഏപ്രിൽ പതിപ്പ് 29 ന് രാവിലെ 10.30 മുതൽ വൈകിട്ട് 4.30 വരെ കോഴിക്കോട് യുഎൽ സൈബർ പാർക്കിൽ നടക്കും. റജിസ്റ്റർ ചെയ്യുന്ന 30 സ്റ്റാർട്ടപ്പുകൾക്ക് ഇതിൽ പങ്കെടുക്കാം.അവസാന തീയതി 10.

## വിഷുറമസാൻ മേള ഉപേക്ഷിച്ച് സപ്ലൈകോ




**തിരുവനന്തപുരം:** ഈസ്റ്റർ വിഷു റമസാൻ സീസണിൽ പതിവുള്ള മേള ഉപേക്ഷിച്ച സപ്ലൈകോ, സർക്കാരിന്റെ രണ്ടാം വാ!ർഷികത്തിന്റെ ഭാഗമായി ഒരുക്കുന്ന സ്റ്റാളുകളിൽ ബ്രാൻഡഡ് ഉൽപന്നങ്ങൾ വിറ്റഴിക്കും. സബ്സിഡി ഉൽപന്നങ്ങളൊന്നും ഇവിടെ ലഭിക്കില്ല. പകരം സ്വകാര്യ കമ്പനികളുടെ നിത്യോപയോഗ സാധനങ്ങളാകും വിൽക്കുക. ഒപ്പം ശബരി ഉൽപന്നങ്ങളുമുണ്ടാകും. വിൽപനശാലകൾ കേന്ദ്രീകരിച്ചുള്ള വിപുലമായ മേള നടത്തിപ്പിൽ നിന്നു സപ്ലൈകോ പിൻമാറിയതു സർക്കാരിന്റെ വാർഷിക പ്രദർശനത്തിന്റെ ഭാഗമാകാനാണെന്നാണു വിവരം. സബ്സിഡി നൽകിയ വകയിൽ സർക്കാർ നൽകാനുള്ള വൻ കുടിശികയും കാരണമായി.

എല്ലാ വർഷവും ഓണക്കാലത്തും ക്രിസ്മസ്പുതുവത്സര സീസണിലുമാണു സപ്ലൈകോ പ്രധാന മേളകൾ നടത്താറുള്ളത്. സബ്സിഡി ഉൽപന്നങ്ങൾ കൂടുതൽ അളവിലും മറ്റുള്ളവ കാര്യമായ വിലക്കുറവിലും വിൽക്കാറുണ്ട്. ഔട്‌ലെറ്റുകൾക്കു പുറമേ ജില്ലാതലത്തിലും പ്രാദേശിക തലത്തിലുമെല്ലാം മേളകളുണ്ടാകും. അതേസമയം വിഷു റമസാൻ സീസണിൽ എല്ലാ വർഷവും ഔട്‌ലെറ്റുകൾ കേന്ദ്രീകരിച്ചു നിർബന്ധമായും മേളകളുണ്ടാകാറുണ്ട്. ജില്ലാ, സംസ്ഥാന തലങ്ങളിൽ ഉദ്ഘാടന പരിപാടികളും നടത്തും. ഇക്കുറി അതില്ലായിരുന്നു. കഴിഞ്ഞ 4ന് ആരംഭിച്ച് 20ന് അവസാനിക്കുന്ന തരത്തിൽ ഔട്‌ലെറ്റുകളെല്ലാം മേളകളാക്കി മാറ്റിയിട്ടുണ്ടെന്നു സപ്ലൈകോ അവകാശപ്പെടുന്നു. എന്നാൽ മുൻപത്തേതുപോലെ കൂടുതൽ ഉൽപന്നങ്ങൾ വിൽക്കുകയോ പ്രചാരം നൽകുകയോ ചെയ്യുന്നില്ല. റമസാൻ പ്രമാണിച്ചു ബിരിയാണി അരി പോലെ ഏതാനും ഉൽപന്നങ്ങൾ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നു മാത്രം.



# ഹെലികോപ്റ്റർ വിനോദയാത്രയ്ക്ക് അവസരവുമായി വിതുര ഫെസ്റ്റ്



**വിതുര:** ഗ്രാമീണ മേഖലയിലെ ആദ്യ ഹെലികോപ്'റ്റർ വിനോദ യാത്രയ്ക്ക് അവസരമൊരുക്കാൻ തയാറെടുക്കുകയാണു വിതുര ഫെസ്റ്റ്. വിതുര വികസന സമിതി(വിവിഎസ്)യുടെ നേതൃത്വത്തിൽ മേയ് 1 മുതൽ 10 വരെ വിതുര ഇറയംകോട് അഞ്ചേക്കർ മൈതാനത്തിലാണു വിതുര ഫെസ്റ്റ് നടക്കുന്നത്. വിതുര, പൊന്മുടി, പേപ്പാറ ഡാം, ബോണക്കാട്, കല്ലാർ, തെന്മല ഡാം, അഗസ്ത്യാർകൂടം എന്നിവ ആകാശ യാത്രയിലൂടെ വളരെ അടുത്ത് കാണാനാവും. ലഭ്യമായതിൽ വച്ച് ഏറ്റവും കുറഞ്ഞ ചെലവിലാണു ഇവിടെ യാത്ര ഒരുക്കുക. മേള ദിനങ്ങളിലെ മൂന്നോ നാലോ ദിനങ്ങൾ മാത്രമാണു ഇതിനായി തിരഞ്ഞെടുക്കുന്നത്.

തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ഹോളിഡേ ഹെലി ടൂറിസം ഗ്രൂപ്പിന്റെ സഹകരണത്തോടെയാണു ആകാശ യാത്ര സംഘടിപ്പിക്കുന്നത്. ഇതിനു മുന്നോടിയായി ഹോളിഡേ ഹെലി ടൂറിസം ഗ്രൂപ്പ് എംഡി: ബെന്നി, ഗ്രൂപ്പ് ക്യാപ്റ്റൻ ജി.ജി. കുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം മേള നടക്കുന്ന ഇറയംകോട് അഞ്ചേക്കർ മൈതാനം സന്ദർശിച്ചു. സ്ഥിതി ഗതികൾ അനുകൂലമാണെന്നും വളരെ ആവേശകരമായ ആകാശ യാത്ര ഒരുക്കാനുള്ള സാഹചര്യമുണ്ടെന്നും സംഘം വിലയിരുത്തി.

യാത്ര 7 മിനിറ്റ് നീണ്ടു നിൽക്കും. ഒരു യാത്രയിൽ 6 പേർക്കു കയറാൻ അവസരം ഉണ്ടാകും. ഒരാൾക്കു 4,000 രൂപയായിരിക്കും ടിക്കറ്റ് ചാർജ്. യാത്രയുടെ ബുക്കിംഗ് വൈകാതെ ആരംഭിക്കുമെന്നു വിതുര ഫെസ്റ്റ് സംഘാടക സമിതി സെക്രട്ടറി എസ്. സതീശ ചന്ദ്രൻ നായർ പറഞ്ഞു.



## പുറ്റിങ്ങൽ ദുരന്തക്കേസ്: പ്രത്യേക കോടതിക്ക് കെട്ടിടം ഏറ്റെടുത്തു

**കൊല്ലം:** പരവൂർ പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തക്കേസിന്റെ വിചാരണയ്ക്ക് പ്രത്യേക കോടതി സ്ഥാപിക്കുന്നതിനു ടി.എം. വർഗീസ് സ്മാരക ഹാൾ വളപ്പിലെ പഴയ കെട്ടിടം ഏറ്റെടുത്തു. പ്രാഥമിക അറ്റകുറ്റപ്പണി തുടങ്ങിയെങ്കിലും അതു പൂർത്തിയാകുന്നതുവരെ കാത്തു നിൽക്കാതെ ഹൈക്കോടതി നിർദേശപ്രകാരമാണ് കെട്ടിടം ഏറ്റെടുത്തത്. അതേ സമയം പ്രതികൾക്ക് നൽകുന്നതിനു കുറ്റപത്രത്തിന്റെ പകർപ്പ് പ്രോസിക്യൂഷൻ പരവൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ സമർപ്പിച്ചു.

നേരത്തെ നൽകിയതിനു പുറമേ 1.63 ലക്ഷം പേജ് ആണ് നൽകിയത്. ഇതോടെ ഓരോ പ്രതികൾക്ക് 10,000 പേജുകൾ വീതം പകർപ്പു ലഭിക്കും. കേസ് നാളെ പരിഗണിക്കും. വിചാരണയ്ക്കായി കേസ് ഉടൻ സെഷൻസ് കോടതിക്കു കൈമാറും. തുടർന്ന്, വെടിക്കെട്ട് ദുരന്തക്കേസ് വിചാരണയ്ക്കായി അനുവദിച്ച പ്രത്യേക കോടതിയിലേക്ക് കേസ് മാറ്റും. പ്രത്യേക കോടതിയുടെ പ്രവർത്തനം 3 മാസത്തിനകം ആരംഭിക്കാനാണു ശ്രമം.

കോടതിക്കു വേണ്ടി കോർപറേഷൻ വിട്ടു നൽകിയ കെട്ടിടത്തിന്റെ പൊട്ടിയ മേച്ചിൽ ഓടുകൾ മാറുക, ചായം തേയ്ക്കുക തുടങ്ങിയ പ്രാഥമിക അറ്റകുറ്റപ്പണികൾ വൈകുന്നതിനു തുടർന്നാണ്, പണി പൂർത്തിയാകുന്നതു വരെ കാത്തു നിൽക്കാതെ കെട്ടിടം ഏറ്റെടുക്കാൻ ഹൈക്കോടതി നിർദേശിച്ചത്. അറ്റകുറ്റപ്പണികൾ മുറയ്ക്ക് നടക്കട്ടെ എന്ന നിർദേശത്തോടെയാണ് കെട്ടിടം ഏറ്റെടുത്തത്. ഇവിടെ ജഡ്ജിയുടെ ചേംബർ, സാക്ഷിക്കൂട്, പ്രതികൾക്ക് നിൽക്കുന്നതിനു സ്ഥലം, ശിരസ്താർ, ക്ലാർക്ക് തുടങ്ങിയ ജീവനക്കാർക്കുള്ള ഓഫിസ്. സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഓഫിസ് എന്നിവ നിർമിക്കും.

## നീണ്ടകര ഫൗണ്ടേഷൻ ഗവ. താലൂക്ക് ആശുപത്രി: നിർമാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കും

**ചവറ:** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 46.43 കോടി രൂപ ചെലവിട്ട് നിർമിക്കുന്ന നീണ്ടകര ഫൗണ്ടേഷൻ ഗവ.താലൂക്ക് ആശുപത്രി നിർമാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ തീരുമാനം. കേരള ഭവന നിർമാണ ബോർഡിനാണ് നിർമാണ ചുമതല. തിരുവനന്തപുരത്ത് മന്ത്രി കെ.രാജന്റെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ സുജിത്ത് വിജയൻപിള്ള എംഎൽഎ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. കെട്ടിടങ്ങൾ പൂർത്തിയായെങ്കിലും പ്ലമിങ്, വയറിങ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പൂർത്തീകരിക്കാനുണ്ട്.

ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് എംഎൽഎ നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും ഇക്കാര്യങ്ങൾ സർക്കാർ അതീവ ശ്രദ്ധയോടെ പരിഹരിക്കുമെന്നും മന്ത്രി കെ.രാജൻ പറഞ്ഞു. അന്തരിച്ച എൻ.വിജയൻപിള്ളയുടെ ശ്രമഫലമായാണ് ബജറ്റിൽ ഉൾപ്പെടുത്തി ആശുപത്രി കെട്ടിടം നിർമിക്കാൻ അനുമതി ലഭിച്ചത്. 2020 ഫെബ്രുവരിയിൽ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ അന്നത്തെ മന്ത്രി കെ.കെ.ശൈലജയാണ് തറക്കല്ലിട്ടത്. മാർച്ച് 8ന് എൻ.വിജയൻപിള്ള വിട പറയുകയും ചെയ്തു. അദ്ദേഹത്തിന്റെ ചിരകാല അഭിലാഷമായിരുന്നു ആശുപത്രി വികസനം. മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന്റെ ചുമതല കേരള മെഡിക്കൽ സർവീസ് കോർപറേഷനാണ്. കെട്ടിടം പൂർത്തിയായാൽ ഉടൻ തന്നെ ഉപകരണങ്ങൾ സ്ഥാപിക്കുമെന്ന് ഇവർ അറിയിച്ചിട്ടുണ്ട്.

ഡോക്ടർമാർ ഉൾപ്പെടെ 200 ലധികം ജീവനക്കാരാണ് പുതിയ ആശുപത്രിയിൽ വേണ്ടിവരുന്നത്. നിലവിൽ ഉള്ളവരുടെ ഒഴികെയുള്ള ലിസ്റ്റ് പരിഗണനയ്ക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രി പദവി ലഭിച്ചിട്ടും സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുവട്ടത്തിലാണ് ഇപ്പോഴും നീണ്ടകര ആശുപത്രി പ്രവർത്തിച്ച് വരുന്നത്. നീണ്ടകര, തെക്കുംഭാഗം, ചവറ, തേവലക്കര, പന്മന പ്രദേശത്തെ സാധാരണക്കാരുടെ അഭയകേന്ദ്രമാണ് ദേശീയപാതയോരത്തെ ഈ സർക്കാർ ആശുപത്രി. വേഗത്തിൽ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നാടിനു സമർപ്പിക്കാൻ കഴിയുമെന്നും ഇതുമായി ബന്ധപ്പെട്ട് ഉന്നതല സംഘം ആശുപത്രി സന്ദർശിച്ചതായും സുജിത്ത് വിജയൻപിള്ള എംഎൽഎ പറഞ്ഞു.

## വന സൗഹൃദ സദസ്സുകൾ ഒരുങ്ങുന്നു

വനാതിർത്തി പ്രദേശങ്ങളിൽ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനസൗഹൃദ സദസ്സുകൾ പീച്ചിയിലും, ചാലക്കുടയിലും. വനം വകുപ്പിന്റെ കീഴിൽ ഒരുക്കുന്ന വന സൗഹൃദ സദസ്സുകൾ 17 ന് മന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. മന്ത്രി കെ രാധാകൃഷ്ണൻ, മന്ത്രി കെ രാജൻ എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. വനാതിർത്തി പ്രദേശങ്ങളിലെ വനസൗഹൃദ ജീവിതത്തിനായി സർക്കാർ ഒരുക്കുന്ന കർമ്മപരിപാടിയാണ് വന സൗഹൃദ സദസ്. വനാതിർത്തി പ്രദേശങ്ങളിലെ ജനങ്ങളിൽ നിന്ന് ലഭിച്ച പരാതികൾ പരിഹരിക്കൽ, മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തുടങ്ങിയ ലക്ഷ്യത്തോടെയാണ് സൗഹൃദ സദസ്സ് ഒരുങ്ങുന്നത്.



# സെൻട്രൽ ബാങ്കിംഗിന്റെ റിസ്ക് മാനേജ്മെന്റ് സർവീസസ് അവാർഡ് കെപിഎംജിക്ക്

**കൊച്ചി:**പത്താം വാർഷിക വ്യവസായ അവാർഡ് ജേതാക്കളുടെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി സെൻട്രൽ ബാങ്കിംഗ് കെപിഎംജിക്ക് റിസ്ക് മാനേജ്മെന്റ് സർവീസസ് അവാർഡ് നൽകും.സെൻട്രൽ ബാങ്കിംഗ് കമ്മ്യൂണിറ്റിയിലെ മികവിനാണ് അവാർഡ്.സിബി അവാർഡ്സ് .30ലധികം വർഷത്തെ സ്വതന്ത്ര റിപ്പോർട്ടിംഗ്, വിശകലനം, അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ സെൻട്രൽ ബാങ്കിംഗ് എഡിറ്റോറിയൽ ടീമിലെയും എഡിറ്റോറിയൽ അഡ്വൈസറി ബോർഡിലെയും അംഗങ്ങൾ അടങ്ങിയ ഒരു പാനലാണ് സെൻട്രൽ ബാങ്കിംഗ് അവാർഡുകൾ നിർണയിച്ചത്.അവാർഡുകളുടെ വിശകലനവും രാജോസിക് ബാനർജിയുടെ പ്രതികരണവും കൂടെ ചേർക്കുന്നു.റിസ്ക് മാനേജ്മെന്റിലെ പ്രവർത്തനത്തിന് ലോകമെമ്പാടുമുള്ള സെൻട്രൽ ബാങ്കുകളുമായും സൂപ്പർവൈസർമാരുടെയും പ്രശംസ കെപിഎംജി നേടിയിട്ടുണ്ട്. കഴിഞ്ഞ വർഷം വിവിധ നിയന്ത്രണ മാറ്റങ്ങളിലുടനീളം ഇൻഷുറൻസ് മേൽനോട്ട ടീമിനെ പിന്തുണയ്ക്കുന്നതുൾപ്പെടെ നിരവധി മേഖലകളിൽ യുഎഇ സെൻട്രൽ ബാങ്കുമായി കെപിഎംജി പ്രവർത്തിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്.

സെൻട്രൽ ബാങ്കിംഗിന്റെ റിസ്ക് മാനേജ്മെന്റ് സർവീസസ് അവാർഡ് ജേതാവായി അംഗീകരിക്കപ്പെട്ടതിൽ അങ്ങേയറ്റം സന്തോഷവും വിനയവും നന്ദിയും ഉണ്ടെന്ന് കെപിഎംജിയുടെ ഇന്ത്യയിലെ പങ്കാളിയും ഫിനാൻഷ്യൽ റിസ്ക് മാനേജ്മെന്റ് മേധാവിയുമായ രാജോസിക് ബാനർജി പറഞ്ഞു.

നിയന്ത്രണത്തിലും മേൽനോട്ടത്തിലും ഏഷ്യ, മിഡിൽ ഈസ്റ്റ്, യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിലെ നിരവധി റെഗുലേറ്റർമാരുമായി ഗജങ്ങഎ പ്രവർത്തിക്കുന്നുണ്ട്. ഈ അംഗീകാരം ഞങ്ങൾ ചെയ്ത വ്യത്യസ്ഥവും സൂക്ഷ്മവുമായ പ്രവർത്തനത്തിന്റെ സാക്ഷ്യമാണ്.റെഗുലേറ്ററുമായുള്ള ഞങ്ങളുടെ പ്രവർത്തനം സമനകളില്ലാത്തതാണ്. ഋങ്ങലുടനീളമുള്ള നിയന്ത്രിത ഇൻഷുറൻസ് കമ്പനികളുടെ മേൽനോട്ടം, അപകടസാധ്യത വിലയിരുത്തുന്ന ചട്ടക്കൂടുകൾ, IFRS 17 ഇൻഷുറൻസ് കരാറുകളുടെ നടപ്പിലാക്കൽ എന്നിവയിൽ അവരെ ഞങ്ങൾ പിന്തുണയ്ക്കുന്നു.ബാങ്കിംഗ്, ഇൻഷുറൻസ് ഡൊമെയ്നുകളിൽ മറ്റ് സെൻട്രൽ ബാങ്കുകളുമായും റെഗുലേറ്റർമാരുമായും പ്രവർത്തിച്ചതിന്റെ അനുഭവം ഞങ്ങൾക്ക് പ്രയോജനപ്പെടുത്താനായി.

അംഗീകാരം ലഭിക്കുന്നത് വഴി റിസ്ക് മാനേജ്മെന്റ് മേഖലയിലെ ദ്രുതഗതിയിലുള്ള സാങ്കേതിക മാറ്റങ്ങളുടെയും ബിഎഫ്എസ്ഐയിൽ പ്രാബല്യത്തിൽ വരുന്ന പുതിയ നിയന്ത്രണങ്ങളുടെയും മാനദണ്ഡങ്ങളുടെയും യുഗത്തിൽ ബിസിനസ്സ് പങ്കാളികളെ സഹായിക്കാനുള്ള സ്ഥാപനത്തിന്റെ പ്രതിബദ്ധത ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

കെ.പി.എം.ജി മറ്റ് രാജ്യങ്ങളിൽ നിന്ന് കെട്ടിപ്പടുത്ത അനുഭവ സമ്പത്താണ് ഈ വർഷം വിജയം കൈവരിക്കാൻ നിങ്ങൾക്ക് സഹായകമായതെന്ന് സെൻട്രൽ ബാങ്കിംഗ് അവാർഡ് കമ്മിറ്റി ചെയർമാനും സെൻട്രൽ ബാങ്കിംഗ് എഡിറ്റർ ഇൻ ചീഫുമായ ക്രിസ്റ്റഫർ ജെഫറി പറഞ്ഞു,




# ആകാശപ്പാത: അരൂർ മുതൽ തുറവൂർ വരെ നിർമാണം ആറുവരിയിൽ

**ആലപ്പുഴ :** ദേശീയപാത 66ൽ അരൂർ തുറവൂർ ഭാഗത്തു രാജ്യത്തെ തന്നെ വലിയ ആകാശപ്പാതയുടെ (എലിവേറ്റഡ് ഹൈവേ) നിർമാണം ഈ മാസം തുടങ്ങും. അരൂർ മുതൽ തുറവൂർ വരെ 12.75 കിലോമീറ്റർ നീളത്തിലാണ് ആറുവരിയിൽ പാത നിർമിക്കുന്നത്. നിലവിലെ നാലുവരിപ്പാതയ്ക്കു മുകളിലായി 24 മീറ്റർ വീതിയിലാണ് ആകാശപ്പാത നിർമിക്കുന്നത്. ഏകദേശം 370,400 തൂണുകളാകും പാതയിലുണ്ടാകുക. പാതയുടെ ഡിസൈൻ അടക്കമുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. ആദ്യഘട്ട സ്ഥലമേറ്റെടുപ്പിനുള്ള വിജ്ഞാപനമായി. ഈ ഘട്ടത്തിൽ നഷ്ടപരിഹാരമായി 10 കോടി രൂപ വിതരണം ചെയ്യും.

നിലവിൽ പാതയ്ക്കായി 10 ഇടങ്ങളിൽ ടെസ്റ്റ് പൈലിങ് നടക്കുന്നുണ്ട്. ഡിസൈനിനു അംഗീകാരമാകുന്നതോടെ തൂണുകൾ നിർമിക്കുന്നതിനുള്ള പൈലിങ് തുടങ്ങും. ഇതിനായി 2.5 കോടി രൂപ വിലമതിക്കുന്ന 3 റോട്ടറി ഡ്രില്ലിങ് മെഷീനുകൾ തുറവൂരിൽ എത്തിച്ചു. ജനുവരിയിൽ തൂണുകളുടെ നിർമാണം ആരംഭിക്കുമെന്ന് നേരത്തേ പറഞ്ഞിരുന്നെങ്കിലും മണ്ണു പരിശോധന ഇപ്പോഴും തുടരുകയാണ്. നിർമാണം 3 വർഷം കൊണ്ടു പൂർത്തിയാക്കണമെന്നാണ് കരാർ. 1668.50 കോടി രൂപയാണു പദ്ധതിച്ചെലവ്. ഒരേ സമയം 10 ഇടങ്ങളിൽ പൈലിങ് നടത്തണമെന്നു ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദേശിച്ചിരുന്നു. മഴക്കാലത്തിനു ശേഷം പത്തിലധികം ഇടങ്ങളിൽ ഒരേ സമയം പൈലിങ് നടത്തും.

# ആധുനിക ഇൻവെർട്ടർ എസി ശ്രേണിയുമായി വോൾട്ടാസ്




**കൊച്ചി:** കൂളിങ് ഉൽപ്പന്ന മേഖലയിലെ മുൻനിരക്കാരും ടാറ്റയിൽ നിന്നുള്ള എസി ബ്രാൻഡുമായ വോൾട്ടാസ് കൂളിങ് ഉൽപ്പന്ന മേഖലയിലെ തങ്ങളുടെ സ്ഥാനം കൂടുതൽ മെച്ചപ്പെടുത്തി. പ്യൂർ ആന്റ് ഫ്ളെക്സിബിൽ എയർ കണ്ടീഷനിങ് എന്ന സവിശേഷ മൂല്യവുമായെത്തുന്ന വോൾട്ടാസ് 2023 ഇൻവെർട്ടർ എസി ശ്രേണിയാണ് ഏറ്റവും പുതിയ അവതരണം.മുറിക്കുള്ളിലെ വായുവിനെ ശുദ്ധീകരിക്കാൻ സഹായിക്കുന്ന വിധത്തിൽ എച്ച്ഇപിഎ ഫിൽറ്റർ, പിഎം 1.0 സെൻസർ, എക്യൂഐ ഇൻഡിക്കേറ്റർ തുടങ്ങിയവയുമായി എത്തുന്ന വോൾട്ടാസ് 2023 ഇൻവെർട്ടർ എസികളിൽ ആറ് ഘട്ടങ്ങളായി ക്രമീകരിക്കാവുന്ന കൺവർട്ടബിൾ കൂളിങ് സംവിധാനമാണുള്ളതെന്ന് വോൾട്ടാസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ പ്രദീപ് ബക്ഷി പറഞ്ഞു.

ആവശ്യമായ താപനിലയുടേയും മുറിക്കുള്ളിലുള്ള ആളുകളുടെ എണ്ണത്തിൻറേയും അടിസ്ഥാനത്തിൽ വിവിധ ടണ്ണേജുകൾ ക്രമീകരിക്കാൻ സഹായിക്കുന്നതാണ് ഈ സംവിധാനം. ഇതിനു പുറമെ സൂപ്പർ സൈലൻറ് പ്രവർത്തനം, മികച്ച പ്രകടനത്തിനു സഹായിക്കുന്ന ഐസ് വാഷ് ആൻറ് ഫിൽറ്റർ ക്ലീനിങ് ഇൻഡിക്കേറ്റർ, മെച്ചപ്പെട്ട പ്രവർത്തനത്തിന് സഹായകമായ കറോസ്സീവ് കോട്ടിങ് തുടങ്ങിയവയും ഇതിലുണ്ട് .ആരോഗ്യപരവും ശുചികരവുമായ ഉത്പന്നങ്ങളും അതോടൊപ്പം ലളിതമായ ഉപയോഗവും ആഗ്രഹിക്കുന്ന വിപണിയുടെ ആവശ്യം കണ്ടറിഞ്ഞ് വോൾട്ടാസ് ഏറ്റവും പുതിയ എസി ശ്രേണി അവതരിപ്പിച്ചിരിക്കുകയാണെന്നും പ്രദീപ് ബക്ഷി പറഞ്ഞു. വിവിധ ടണ്ണേജുകൾ തെരഞ്ഞെടുക്കാൻ സഹായിക്കുന്ന വിധത്തിൽ ആറു സ്റ്റേജ് അഡ്ജസ്റ്റബിൾ മോഡ്യൂള കൺവർട്ടബിൾ കൂളിങ് സാങ്കേതികവിദ്യ ഇതിനുണ്ട്.

വാണിജ്യ റഫ്രിജറേഷൻ ഉത്പന്നങ്ങളുടെ കാര്യത്തിൽ 51 എസ്കെയുകളും കമ്പനി അവതരിപ്പിച്ചിട്ടുണ്ട്. കൺവെർട്ടബിൾ ഫ്രീസർ, ഫ്രീസർ ഓൺ വീൽ, കർവ്ഡ് ഗ്ലാസ് ഫ്രീസർ തുടങ്ങിയവ ഉൾപ്പെടെയാണിത്. ഇതിനു പുറമെ വാട്ടർ ഡിസ്പെൻസറുകളുടെ 15 എസ്കെയു, വാട്ടർ കൂളറുകളുടെ 27 എസ്കെയു എന്നിവയും കമ്പനി പുറത്തിറക്കി. വൈദ്യശാസ്ത്ര രംഗത്തേക്കായി ബിസിനസ് ടു ബിസിനസ് വിഭാഗത്തിനായുള്ള പുതിയ ശ്രേണിയിലെ മോഡുലർ കോൾഡ് റൂം സംവിധാനങ്ങളും വോൾട്ടാസിനുണ്ട്.തങ്ങളുടെ ഹോം അപ്ലയൻസ് ജോയിൻറ് വെഞ്ചർ ബ്രാൻഡായ വോൾട്ടാസ് ബെക്കോ വഴി പുതിയ ഉത്പന്നങ്ങളുടെ നിര അവതരിപ്പിച്ച് 2023ൽ തങ്ങളുടെ ഉത്പന്ന നിര കൂടുതൽ ശക്തമാക്കാനും കമ്പനി ഉദ്ദേശിക്കുന്നുണ്ട്. മെയ്ക്ക് ഇൻ ഇന്ത്യ നീക്കത്തിനോടൊപ്പം നിൽക്കുക എന്ന ബ്രാൻഡിൻറെ പ്രതിബദ്ധത തുടർന്നു കൊണ്ട് പുതിയ ഫ്രോസ്റ്റ് ഫ്രീ റഫ്രിജറേറ്ററുകളും ടോപ് ലോഡ് വാഷിങ് മെഷീനുകളും അടങ്ങിയ ഹോം അപ്ലയൻസുകളുടെ പുതിയ നിര വോൾട്ടാസ് ബെക്കോ പുറത്തിറക്കിയിട്ടുണ്ട്.

എസി കമ്പ്രസറുകൾക്കും റഫ്രിജറേറ്റർ മോട്ടോറുകൾക്കും 12 വർഷ വാറണ്ടി നൽകുന്ന ഈ ഉത്പന്നങ്ങൾ അഭിമാനത്തോടെ തദ്ദേശീയമായി അവതരിപ്പിക്കുന്നതും പുതുതലമുറ ഉപഭോക്താക്കളുടെ വളർന്നു വരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായിട്ടുള്ളതുമാണ്.

നിയോ ഫ്രോസ്റ്റ്, ഡ്യൂവൽ കൂളിങ്, ഇൻറേണൽ ഇലക്ട്രോണിക് ടെമ്പറേചർ കൂളിങും ഡിസ്പ്ലേയും, എൽഇഡി ലാമിനേഷനും പ്രോസ്മാർട്ടും, ഒരേ പോലുള്ള കൂളിങ് ഉറപ്പാക്കുന്ന ഇൻവെർട്ടർ കമ്പ്രസ്സർ, മികച്ച പ്രവർത്തനത്തിന് സഹായകമായ ലൈറ്റിങ് തുടങ്ങിയവ ലഭ്യമാക്കുന്നതാണ് ഫ്രോസ്റ്റ് ഫ്രീ റഫ്രിജറേറ്ററുകളുടെ പുതിയ ശ്രേണി. ആറു വർണങ്ങളിൽ ഈ റഫ്രിജറേറ്റർ ലഭ്യമാണ്.

ഈ വേനൽക്കാലത്ത് ആകർഷകമായ സാമ്പത്തിക ആനുകൂല്യങ്ങളും പുതിയ ശ്രേണിയിലെ കൂളിങ് ഉപകരണങ്ങൾക്കൊപ്പം ലഭ്യമാണ്.

15 ശതമാനം വരെ കാഷ് ബാക്ക്, ഈസി ഇഎംഐ ഫിനാൻസ് ആനുകൂല്യം, ലൈഫ്ടൈം ഇൻവെർട്ടർ കമ്പ്രസർ വാറണ്ടി, അഞ്ചു വർഷം ദീർഘിപ്പിച്ച വാറണ്ടി തുടങ്ങിയവ ഇതിൽ പെടുന്നു.

# മഹീന്ദ്ര റിസർച്ച് വാലിക്ക് ആറു ത്രൈമാസങ്ങളിലായി 210 പേറ്റന്റുകൾ എന്ന റെക്കോർഡ്

**കൊച്ചി:** മഹീന്ദ്രാ ഗ്രൂപ്പിന്റെ പതാക വാഹക ഗവേഷണവികസന കേന്ദ്രമായ മഹീന്ദ്ര റിസർച്ച് വാലി കഴിഞ്ഞ ആറു ത്രൈമാസങ്ങളിലായി റെക്കോർഡ് സ്ഥാപിച്ചു കൊണ്ട് 210 പേറ്റന്റുകൾ കരസ്ഥമാക്കി. ഇന്ത്യയിൽ നിന്നുള്ള ഒരു ഒറിജിനൽ എക്യുപ്മെന്റ് നിർമാതാവ് കഴിഞ്ഞ ആറു ത്രൈമാസങ്ങളിൽ ആഗോള തലത്തിൽ നേടുന്ന ഏറ്റവും ഉയർന്ന നിലയാണിത്.

മഹീന്ദ്ര റിസർച്ച് വാലിയുടെ 1979 പേറ്റന്റ് അപേക്ഷകളിൽ 149 എണ്ണം വൈദ്യുത വാഹന മേഖലയിലാണ്. സുരക്ഷിതവും ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ വാഹന, ട്രാക്ടർ മേഖലകളിൽ അവതരിപ്പിക്കുവാൻ ഇതു സഹായകമായിട്ടുണ്ട്. സുരക്ഷാ സംവിധാനങ്ങൾ, ഡ്രൈവർക്കു പിന്തുണ നൽകുന്ന ആധുനീക സൗകര്യങ്ങൾ, ആധുനീക വൈദ്യുത വാഹനങ്ങൾ, ഭാരം കുറക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായ മേഖലകളാണ്.

യഥാർത്ഥ ആഗോള നിലവാരത്തിലുള്ള ഉൽപന്നങ്ങൾ വികസിപ്പിക്കാൻ തങ്ങൾക്കു പ്രതിബദ്ധതയുണ്ടെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ മഹീന്ദ്ര ആന്റ് മഹീന്ദ്ര ഓട്ടോമോട്ടീവ് ടെക്നോളജി ആന്റ് പ്രൊഡക്ട്സ് ഡെവലപ്മെന്റ് പ്രസിഡന്റ് ആർ വേലുസ്വാമി പറഞ്ഞു.



## ശുദ്ധജല വിതരണ പൈപ്പ് പൊട്ടി: വെള്ളം പാടശേഖരത്തിൽ

**മാന്നാർ:** ശുദ്ധജല വിതരണ പൈപ്പ് പൊട്ടിയൊഴുകി കൊയ്യാറായ പാടശേഖരത്തിലെത്തി. ചെന്നിത്തല എട്ടാം ബ്ലോക്ക് പാടശേഖരത്തിലാണ് ചെന്നിത്തല ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പ് പൊട്ടിയുണ്ടായ ചോർച്ചയിലെ വെള്ളം പാടശേഖരത്തിലെത്തിയത്. ചെന്നിത്തല 15 ാം വാർഡിലെ ചാലേ ഊട്ടുകണക്കു റോഡിലെ പൈപ്പാണു മൂന്നു ദിവസം മുൻപു പൊട്ടി വെള്ളം പാഴായത്.

നാട്ടുകാരും കർഷകരും പരാതി പറഞ്ഞതിനെ തുടർന്നു ജല അതോറിറ്റിയിലെ ജീവനക്കാരെത്തി പൈപ്പിനു ചുവട്ടിലെ മണ്ണു പുറത്തു കളഞ്ഞതോടെ ചോർച്ചയുടെ വ്യാപ്തി കൂടി കൂടുതൽ വെള്ളം പാടശേഖരത്തിൽ എത്തി.

കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത വേനൽ മഴയിൽ കൊയ്യാറായ പാടശേഖരത്തിലെ നെല്ലു മുങ്ങി കിടക്കുകയാണ്. ദിവസങ്ങളോളം നെല്ലു വെള്ളത്തിൽ കിടന്നാൽ ഒരു മണി നെല്ലു പോലും ലഭിക്കാത്ത അവസ്ഥയുണ്ടാകുമെന്നു കർഷകർ പറയുന്നു. അധികൃതരുടെ ശ്രദ്ധയുണ്ടാകണമെന്നു സംയുക്ത പാടശേഖര സമിതി ആവശ്യപ്പെട്ടു.

## സ്ത്രീകൾക്കുള്ള സ്ത്രീകളുടെ ആപ്പ് കോടോ തിരുവനന്തപുരം മേഖലാ യോഗം ചേർന്നു

**തിരുവനന്തപുരം:** സ്ത്രീകൾക്കുള്ള സ്ത്രീകളുട ആഗോള സോഷ്യൽ കമ്യൂണിറ്റി ആപ്പായ കോടോയുടെ തിരുവനന്തപുരത്തെ കമ്യൂണിറ്റികളുടെ യോഗം ട്രിവാൻഡ്രം പെൺപട എന്ന പേരിൽ കോടോ ആപ്പിലൂടെ നടന്നു.

കോടോ തിരുവനന്തപുരം സിറ്റി അംബസാഡറായ മോണിക്ക എം അലങ്കാർ, വിപണനരംഗത്തു പ്രവർത്തിക്കുന്ന മണിക്കുട്ടി, ഡോക്ടറും മോഡലുമായ ഡോ. ലിഖ രാജൻ, സോഷ്യൽ മീഡിയ കണ്ടെന്റ് സൂപ്പർവൈസർ നിഷ മെർലിൻ, മോഡലും കണ്ടെന്റ് ക്രിയേറ്ററുമായ മേഘാ പത്മകുമാർ, അഭിഭാഷകുയം സിറ്റിസൺ ഡിജിറ്റൽ ഫോറം സ്ഥാപകയുമായ നിധി സുധൻ തുടങ്ങിയവർ പങ്കെടുത്തു. ആഗോളതലത്തിൽ 5000ത്തിലേറെ കമ്യൂണിറ്റികളുള്ള കോടോ ആപ്പ് സ്ത്രീശാക്തീകരണം, വികേന്ദ്രീകരണം, സുതാര്യത എന്നീ അടിസ്ഥാനങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് കോടോ സഹസ്ഥാപക അപർണ അച്രേക്കർ പറഞ്ഞു.

സാമൂഹിക വിഷയങ്ങൾ, ബിസിനസ്, വിപണനം, വെൽനെസ്, തുടങ്ങിയ വിഷയങ്ങളിലെ പരസ്പര സഹകരണമാണ് തിരുവനന്തപുരം സംഗമം ചർച്ച ചെയ്തത്. 2022ൽ 51 രാജ്യങ്ങളിൽ യുഎൻ നടത്തിയ പഠനത്തിൽ അഭിപ്രായം രേഖപ്പെടുത്തിയ സ്ത്രീകളിൽ 38% പേരും ഓൺലൈൻ ഭീഷണികൾ നേരിടുന്നുവെന്ന് വെളിപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിൽ കോടോ പോലുള്ള സ്ത്രീ കമ്യൂണിറ്റി ആപ്പുകൾക്ക് ഏറെ പ്രസക്തിയുണ്ടെന്നും അവർ പറഞ്ഞു.

എന്നാൽ ഇന്റർനെറ്റ് കാര്യക്ഷമമായ ഉപയോഗം നിർണായകമാണെന്നും ാലഭീ പോലുള്ള മുന്നേറ്റങ്ങൾ ചൂണ്ടിക്കാട്ടി അവർ പറഞ്ഞു.സ്ത്രീകൾക്കു മാത്രമുള്ള ഉൽപ്പന്നങ്ങൾ നിർമിക്കുന്ന സംരംഭകയാണ് താനെന്നും സ്ത്രീകൾക്കു മാത്രമുള്ള കോടോ ആപ്പ് ബിസിനസ് സംരംഭകരുൾപ്പെട്ട സ്ത്രീകൾക്ക് ഏറെ ഉപയോഗപ്രദമാണെന്നും കോടോ സിറ്റി അംബാസഡർ മോണിക എം അലങ്കാർ പറഞ്ഞു.

മുൻകാലങ്ങളിൽ സ്ത്രീകൾക്ക് സ്ഥിരം റോളുകൾ നിശ്ചയിക്കപ്പെട്ടിരുന്നുവെന്നും എന്നാൽ പുതിയ കാലത്ത് ഇത് മാറിക്കഴിഞ്ഞെന്നും ഡോ ലിഖ രാജൻ ചൂണ്ടിക്കാണിച്ചു. മറ്റുള്ളവർ എന്തു കരുതുമെന്ന് അമിതമായി ആലോചിച്ചുള്ള പ്രവർത്തനമായിരുന്നു അടുത്തകാലം വരെ പിന്തുടർന്നിരുന്നതെന്ന് നിഷ മെർലിൻ പറഞ്ഞു.

അത് സ്ത്രീശാക്തീകരണത്തിന് വിലങ്ങുതടിയാണ്. വ്യക്തിപരമായ സന്തോഷമാണ് ഏറെ പ്രധാനമെന്ന് മേഘാ പ്ത്മകുമാർ പറഞ്ഞു. കോടോ പോലുള്ള ആപ്പുകൾ വന്നതോടെ ജീവിതം പഠിക്കുന്നതിനും അറിയുന്നതിനും സഹകരിക്കുന്നതിനുമുള്ള തുടർ അനുഭവമായിരിക്കയാണെന്ന് നിധി സുനൻ പറഞ്ഞു.

യുകെ വിസ കിട്ടാതെ വന്നപ്പോൾ തിരിച്ചു വരേണ്ടി വന്നു. എന്നാൽ ഇന്ന് ഇവിടെ വിജയം വരിക്കാനായി. അതാണ് പ്രധാനമെന്നും അവർ കൂട്ടിച്ചേർത്തു.

എല്ലാ ദിവസവും സന്തോഷപ്രദമാകില്ലെങ്കിലും സാമൂഹിക, സാമ്പത്തിക, വ്യക്തിതലങ്ങളിൽ ലഭിക്കുന്ന പൊതുസമാധനമാണ് പ്രധാനമെന്ന് മണിക്കുട്ടി പറഞ്ഞു.

## വോയ്സ് ഓഫ് സത്യനാഥൻ; മോഷൻ പോസ്റ്റർ റിലീസായി




**കൊച്ചി:** ജനപ്രിയനായകൻ ദിലീപ് ചിത്രം വോയ്സ് ഓഫ് സത്യനാഥൻ മോഷൻ പോസ്റ്റർ റിലീസായി. ദിലീപ്-റാഫി കൂട്ടുകെട്ടിൽ ഒരുങ്ങുന്ന ചിത്രം ബാദുഷ സിനിമാസിന്റേയും ഗ്രാന്റ് പ്രൊഡക്ഷൻസിന്റേയും ബാനറിൽ എൻ.എം ബാദുഷ, ഷിനോയ് മാത്യു, ദിലീപ്, രാജൻ ചിറയിൽ എന്നിവർ ചേർന്നാണ് നിർമ്മിക്കുന്നത്. ചിത്രത്തിന്റെ കഥ, തിരക്കഥ, സംഭാഷണം, സംവിധാനം എന്നിവ നിർവ്വഹിച്ചിരിക്കുന്നത് റാഫി തന്നെയാണ്.

വൻ താര നിരയാണ് ചിത്രത്തിൽ. ജോജു ജോർജ്, അനുപം ഖേർ, മകരന്ദ് ദേശ്പാണ്ഡെ, അലൻസിയർ ലോപ്പസ്, ജഗപതി ബാബു, ജാഫർ സാദിഖ് (വിക്രം ഫെയിം), സിദ്ദിഖ്, ജോണി ആന്റണി, രമേഷ് പിഷാരടി, ജനാർദ്ദനൻ, ബോബൻ സാമുവൽ, ബെന്നി പി നായരമ്പലം, ഫൈസൽ, ഉണ്ണിരാജ, അനുശ്രീ, വീണാ നന്ദകുമാർ, സ്മിനു സിജോ, അംബിക മോഹൻ തുടങ്ങിയവർ പ്രധാന വേഷങ്ങളിലെത്തുന്ന ചിത്രം കുടുംബ പ്രേക്ഷകർക്ക് പ്രിയങ്കരമാകുമെന്നുറപ്പ് നൽകുന്നു.

ചിത്രത്തിന്റെ മറ്റു അണിയറപ്രവർത്തകർ ഇവരാണ്. സഹനിർമ്മാണം :റോഷിത് ലാൽ, പ്രിജിൻ ജെ.പി, എക്സികുട്ടിവ് പ്രൊഡ്യൂസർ : മഞ്ജു ബാദുഷ, നീതു ഷിനോയ്,ജിതിൻ സ്റ്റാനിലസ്, സ്വരൂപ് ഫിലിപ്പ് എന്നിവരാണ് ചിത്രത്തിന്റെ ഛായാഗ്രഹണം. സംഗീതം ജസ്റ്റിൻ വർഗീസ്, എഡിറ്റർ ഷമീർ മുഹമ്മദ്, വസ്ത്രാലങ്കാരം സമീറ സനീഷ്, കല സംവിധാനം എം ബാവ, പ്രൊഡക്ഷൻ കൺട്രോളർ ഡിക്സൺ പൊടുത്താസ്, മേക്കപ്പ് റോണക്സ് സേവിയർ, ചീഫ് അസ്സോസിയേറ്റ് സൈലെക്സ് എബ്രഹാം, അസ്സോസിയേറ്റ് ഡയറക്ടർ മുബീൻ എം റാഫി, ഫിനാൻസ് കൺട്രോളർ ഷിജോ ഡൊമനിക് & റോബിൻ അഗസ്റ്റിൻ,സ്റ്റിൽസ് ഷാലു പേയാട്, ഡിസൈൻ ടെൻ പോയിന്റ്. ചിത്രം മേയ് മാസത്തിൽ തിയേറ്ററുകളിലേക്കെത്തും. പി ആർ ഓ : പ്രതീഷ് ശേഖർ.

## മുത്തൂറ്റ് ഫിനാൻസ് 220 ശതമാനം ഇടക്കാല ലാഭവിഹിതം പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വർണവായ്പ കമ്പനിയായ മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് 2022-23 സാമ്പത്തിക വർഷത്തെ ഇടക്കാല ലാഭവിഹിതം പ്രഖ്യാപിച്ചു. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 22 രൂപ യാണ് ഇടക്കാല ലാഭവിഹിതം നൽകുന്നത്. ഇതുപ്രകാരം കമ്പനി വിതരണം ചെയ്യുന്ന ആകെ ഇടക്കാല ലാഭവിഹിതം 883.19 കോടി രൂപയായിരിക്കുമെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.30 ദിവസത്തിനുള്ളിൽ ലാഭവിഹിതം നൽകും. 2023 ഏപ്രിൽ പതിനെട്ടാണ് ലാഭവിഹിതം ലഭിയ്ക്കുന്നതിന് അർഹതയുള്ള ഓഹരി ഉടമകളെ കണക്കാക്കുന്നതിനുള്ള റെക്കോർഡ് തിയതി.2011-12 സാമ്പത്തിക വർഷത്തിൽ ലിസ്റ്റ് ചെയ്ത കമ്പനി അതിന് ശേഷം തുടർച്ചയായി ലാഭ വിഹിതം നൽകുന്നുണ്ട് .

ഇത് തുടർച്ചയായ നാലാം വർഷമാണ് മുഖവിലയുടെ 100 ശതമാനത്തിലധികം ഇടക്കാല ലാഭവിഹിതം പ്രഖ്യാപിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 200 ശതമാനം (ഓഹരി ഒന്നിന് 20 രൂപ) ഇടക്കാല ലാഭവിഹിതം നൽകി.ഇടക്കാല ലാഭവിഹിത പ്രഖ്യാപനം കമ്പനിയുടെ സുസ്ഥിരമായ ബിസിനസ് മുന്നേറ്റവും മികച്ച വളർച്ചയുമാണ് തെളിയിക്കുന്നതെന്നും തുടർന്നും വളർച്ചയുടെ പാതയിൽ മികച്ച മുന്നേറ്റം നടത്തുമെന്നും ഓഹരിഉടമകൾ നൽകുന്ന തുടർച്ചയായ പിന്തുണയ്ക്കും കമ്പനിയിൽ പുലർത്തുന്ന വിശ്വാസത്തിനും നന്ദി പറയുന്നുവെന്നും ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു

### ബിർള എസ്റ്റേറ്റ് രംഗത്തേക്ക്

**കൊച്ചി:** ആദിത്യ ബിർള ഗ്രൂപിന്റെ റിയൽ എസ്റ്റേറ്റ് വിഭാഗമായ ബിർള എസ്റ്റേറ്റ്സ് പൂനെയിൽ റെസിഡൻഷ്യൽ റിയൽ എസ്റ്റേറ്റ് രംഗത്തേക്കു കടന്നു. സൻഗംവാടിയിൽ 5.76 ഏക്കർ ഭൂമി ഏറ്റെടുത്തു കൊണ്ടാണ് ഇതിനു തുടക്കം കുറിച്ചത്. ഭൂമിക്ക് വൻ വരുമാന സാധ്യതകളാണുള്ളതെന്നും ബിർള എസ്റ്റേറ്റ്സ് മാനേജിങ് ഡയറക്ടറും സിഇഒയുമായ കെ ടി ജിതേന്ദ്രൻ പറഞ്ഞു.



## സച്ചിനൊപ്പം ഐപിഎൽ ക്യാമ്പയിനുമായി സ്പിന്നി

**കൊച്ചി:** ഉപയോഗിച്ച കാർ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള രാജ്യത്തെ സമ്പൂർണ പ്ലാറ്റ്ഫോമായ സ്പിന്നിയുടെ തന്ത്രപ്രധാന നിക്ഷേപകനായ സച്ചിൻ ടെൺണ്ടുൽക്കർക്കൊപ്പം പുതിയ ഐപിഎൽ ക്യാമ്പയിൻ ആരംഭിച്ചു.

സച്ചിനൊപ്പം ക്രിക്കറ്റ് ഇതിഹാസങ്ങളായ അനിൽ കുംബ്ലെയും യുവരാജ് സിങും ക്യാമ്പയിനിലുണ്ട്. 2023 മാർച്ച് 31ന് തുടങ്ങി മെയ് 28ന് അവസാനിക്കുന്ന ഐപിഎൽ 2023ന്റെ ഭാഗമായി ക്യാമ്പയിൻ ചിത്രം റിലീസ് ചെയ്തു.

ബ്രാൻഡിന്റെ ഗോ ഫാർ എന്ന ആഖ്യാനത്തിലൂന്നിയാണ് ക്യാമ്പയിൻ ചിത്രങ്ങൾ ഒരുക്കിയിരിക്കുന്നത്.

ടീം സ്പിരിറ്റ്, വിനോദം, തങ്ങളുടെ താരങ്ങളെയും ടീമുകളെയും പിന്തുണയ്ക്കുക ഇവയെല്ലാമാണ് ഐപിഎൽ. ഈ സീസണിലെ മത്സരങ്ങൾ ആസ്വദിക്കുമ്പോൾ തന്നെ ഈ വികാരം അവരുമായി രസകരവും ലളിതവുമായ രീതിയിൽ പ്രകടിപ്പിക്കണമെന്നാണ് തങ്ങൾ ആഗ്രഹിച്ചത്.

കാമ്പയിനിനെക്കുറിച്ച് സംസാരിച്ച സ്പിന്നി സ്ഥാപകനും സിഇഒയുമായ നിരജ് സിങ് പറഞ്ഞു.




പാവക്കുളം ക്ഷേത്രത്തിലെ പൗർണ്ണമി പൊങ്കാല വിളംബരവും കൂപ്പൺ വിതരണ ഉദ്ഘാടനവും സിനി ആർട്ടിസ്റ്റ് നീത പിള്ള, ഡോ. ചിത്രതാര ഗംഗാധരൻ എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു. വി.ശ്രീകുമാർ, ശ്രീകുമാർ പിള്ള, വിജി തമ്പി, ടി.പങ്കജാക്ഷൻ, പി.വി.അതികായൻ, നന്ദകുമാർ, കെ.വി.എസ് ഹരിദാസ്, ഒ.ഉണ്ണികൃഷ്ണൻ, വിജയകുമാർ തുടങ്ങിയവർ സമീപം.

# പൗർണ്ണമി പൊങ്കാല വിളംബരം

**കൊച്ചി :** പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ പൗർണ്ണമി പൊങ്കാലയുടെ വിളംബരം ഡോ.ചിത്രതാര ഗംഗാധരനും സിനി ആർട്ടിസ്റ്റ് നീത പിള്ളയും ചേർന്ന് നിർവ്വഹിച്ചു. പാവക്കുളം ക്ഷേത്രാങ്കണത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അദ്ധ്യക്ഷൻ വിജി തമ്പി, വി.എച്ച്.പി.ഓർഗനൈസിംഗ് സെക്രട്ടറി കെ.ഗിരീഷ്, ജില്ലാ പ്രസിഡന്റ് വി.ശ്രീകുമാർ, ക്ഷേത്രക്ഷേമ സമിതി പ്രസിഡന്റ് ടി.പങ്കജാക്ഷൻ, സെക്രട്ടറി പി.വി.അതികായൻ, ട്രഷറർ ശ്രീകുമാർ പിള്ള, വിശ്വ ക്ഷേത്ര സമന്വയ സമിതി (വി.കെ.എസ്.എസ്) കൺവീനർ വിനോദ് കാരോള്ളിൽ, ക്ഷേത്രം ഊരാളൻ കെ.വി.എസ് ഹരിദാസ്, തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിൽ പൊങ്കാല വഴിപാട് കൂപ്പണിന്റെ വിതരണവും നടത്തി. കൂപ്പണ് 300 രൂപയാണെന്നും, ഭക്തരുടെ സൗകര്യാർത്ഥം ഇതിൽ പൊങ്കാല സമർപ്പണത്തിനുള്ള അടുപ്പ്, കലം, തവി തുടങ്ങി മുഴുവൻ സാധങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ക്ഷേത്ര ഭാരവാഹികൾ അറിയിച്ചു. മെയ് 5നാണ് പൊങ്കാല സമർപ്പണം.

## ജി 20 ഉച്ചകോടി: വികസന പ്രവർത്തക സമിതി യോഗം സമാപിച്ചു

**കോട്ടയം:** ലോകം അഭിമുഖീകരിക്കുന്ന വികസനവെല്ലുവിളികളെ നേരിടുന്നതിനു ജി 20ക്കകത്തും പുറത്തും ഏകോപനവും പങ്കാളിത്തവും കൂട്ടണമെന്ന ആവശ്യവുമായി ജി 20 ഉച്ചകോടിയുടെ വികസന പ്രവർത്തകസമിതി യോഗം (ഡിഡബ്ല്യുജി) സമാപിച്ചു.

ജി 20 ഷെർപ്പകൾക്കിടയിലും സാമ്പത്തികരംഗത്തും യുഎൻ ഉൾപ്പെടെയുള്ള രാജ്യാന്തരസംഘടനകളിലും ലോകം നേരിടുന്ന വികസനപ്രശ്നങ്ങൾ ചർച്ച ചെയ്യണമെന്നു യോഗം ചൂണ്ടിക്കാട്ടി. സുസ്ഥിര വികസനം കൈവരിക്കുന്നതിനു ജി 20യുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഏകോപനവും പങ്കാളിത്തവും ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ ആശയങ്ങളും 2 ദിവസമായി നടത്തിയ യോഗത്തിൽ ചർച്ച ചെയ്തു. മുൻഗണനാ മേഖലകളെക്കുറിച്ചുള്ള വിശദമായ ചർച്ചകളാണു 3 ദിവസമായി കുമരകത്തു നടന്നത്.

വികസ്വര രാജ്യങ്ങളുടെ വളർച്ചയിൽ ഡേറ്റയുടെ പ്രാധാന്യം, ആഗോള തലത്തിലുള്ള ഹരിതവികസനം, സ്ത്രീകൾ നയിക്കുന്ന വികസനം എന്നീ മേഖലകളിലായിരുന്നു ചർച്ചകൾ. ഇന്ത്യയുടെ ആശയങ്ങൾക്കു ജി 20 അംഗരാജ്യങ്ങളുടെ പൂർണപിന്തുണ ലഭിച്ചതായി വിദേശകാര്യ മന്ത്രാലയം ജോ. സെക്രട്ടറിമാരായ നാഗരാജ് കെ.നായിഡു, ഈനം ഗംഭീർ എന്നിവർ അറിയിച്ചു. ജൂണിൽ നടക്കുന്ന ജി 20 ഡിഡബ്ല്യുജി മന്ത്രിതല യോഗത്തിൽ ഈ വിഷയങ്ങളിൽ തീരുമാനമെടുക്കും. ജി 20 അംഗങ്ങൾ, ക്ഷണിതാക്കളായ 9 രാജ്യങ്ങൾ, വിവിധ രാജ്യാന്തര പ്രാദേശിക സംഘടനകൾ എന്നിവയിൽ നിന്നുള്ള എൺപതിലധികം പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. നേരത്തേ ജി 20 ഷെർപ്പമാരുടെ യോഗവും ഇന്ത്യയുടെ അധ്യക്ഷതയിൽ കുമരകത്തു ചേർന്നിരുന്നു.

# തനതു കരകൗശല രൂപങ്ങൾക്കായി ജില്ലകളിൽ ഗ്രാമീണ കലാകേന്ദ്രങ്ങൾ

**ആറന്മുള:** നെട്ടൂർപ്പെട്ടിയും തോൽപാവയും കണ്ണാടിപ്പായയുമടക്കമുള്ള മലയാള നാടിന്റെ തനത് കരകൗശല രൂപങ്ങൾ അന്യം നിന്നുപോകാതിരിക്കാൻ ഗ്രാമീണ കലാകേന്ദ്രങ്ങളുമായി സാംസ്കാരിക വകുപ്പ്. പൈതൃകമായുള്ള പ്രാദേശിക സവിശേഷതകൾ കണ്ടെത്താൻ പ്രാഥമിക സർവേ നടത്തിയ ശേഷമാണ് ഓരോ ജില്ലയിലും കലാകേന്ദ്രങ്ങൾ ആരംഭിക്കുന്നത്. 20 പേർ വീതമുള്ള ബാച്ചിന് പരിശീലന കാലയളവിൽ സ്റ്റൈപൻഡ് ഉൾപ്പെടെ ലഭിക്കും. പരിശീലനം പൂർത്തിയാക്കിയാൽ കലാരൂപങ്ങൾ നിർമിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കളും സൗജന്യമായി നൽകും.

വിപണി കണ്ടെത്താൻ പ്രയാസം നേരിട്ടാൽ അതിനും ആവശ്യമായ സംവിധാനമൊരുക്കും. പദ്ധതിക്കായി ഈ സാമ്പത്തിക വർഷം രണ്ടേമുക്കാൽ കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആറന്മുള വാസ്തുവിദ്യാ ഗുരുകുലം മുഖേനയാണ് നിർവഹണം.



പ്രാഥമിക സർവേ പൂർത്തിയാക്കിയ പ്രകാരം ഇതിനകം പട്ടികയിലുൾപ്പെട്ടത് 40 കരകൗശല രൂപങ്ങളാണ്. തിരുവനന്തപുരം കരമനയിലെ ഓണവില്ലും ആലപ്പുഴ മാന്നാറിലെ വെങ്കല ശിൽപങ്ങളും ആറന്മുള പള്ളിയോടവും ഇടുക്കി ചിന്നാർകുടിയിലെ മുളയുൽപന്നങ്ങളും കൊല്ലം തഴവയിലെ കൈതോലയുൽപന്നങ്ങളും കണ്ണൂർ കരിവെള്ളൂരിലെ ചൂതപ്പുല്ല് ഉൽപന്നങ്ങളും ഇക്കൂട്ടത്തിലുണ്ട്.

ചുമർച്ചിത്രകല പൂർത്തിയാക്കിയവർ വസ്ത്രത്തിൽ ഡിസൈൻ ചെയ്യുന്ന ഫാബ്രിക് പെയിന്റിങ്ങിനും പ്രോത്സാഹനം നൽകുന്നുണ്ട്. ആറന്മുളയിൽ ഇതിനായി പരിശീലനം ആരംഭിച്ചു.

കരകൗശല ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തി നൽകുന്നതിന് പ്രത്യേക കേന്ദ്രങ്ങൾ ഒരുക്കുമെന്നും ഓൺലൈൻ മാർക്കറ്റിങ് സംവിധാനം ആവിഷ്കരിക്കാനും ലക്ഷ്യമിടുന്നതായി ആറന്മുള വാസ്തുവിദ്യാ ഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടർ ടി.ആർ. സദാശിവൻ നായർ പറഞ്ഞു.

## അസമിൽ നിന്നു സാറ്റലൈറ്റ് റേഡിയോ കോളർ എത്തിച്ചില്ല; അരിക്കൊമ്പൻ ദൗത്യം അനിശ്ചിതത്വത്തിൽ

**രാജകുമാരി:** അക്രമകാരിയായ ഒറ്റയാൻ അരിക്കൊമ്പനെ മയക്കുവെടി വച്ചു പിടികൂടി പറമ്പിക്കുളം വന്യജീവി സങ്കേതത്തിലേക്കു മാറ്റാനുള്ള ദൗത്യം വീണ്ടും അനിശ്ചിതത്വത്തിൽ. ഇന്നു മോക്ഡ്രിൽ നടത്തി നാളെ ദൗത്യം പൂർത്തിയാക്കാനായിരുന്നു വനം വകുപ്പിന്റെ നീക്കം. എന്നാൽ അരിക്കൊമ്പന്റെ ദേഹത്തു ഘടിപ്പിക്കാനുള്ള സാറ്റലൈറ്റ് റേഡിയോ കോളർ കേരള വനം വകുപ്പിനു നൽകുന്നതിന് അസം വനം വകുപ്പ് മേധാവിയുടെ അനുമതി ഇതുവരെ ലഭിച്ചില്ല. റേഡിയോ കോളർ എത്തിക്കാതെ ദൗത്യം ആരംഭിക്കാനാവില്ല.

അതുകൊണ്ട് ഓപ്പറേഷൻ അരിക്കൊമ്പൻ വൈകുമെന്നാണ് അധികൃതർ നൽകുന്ന വിവരം. അസമിൽ രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ സന്ദർശനം നടക്കുന്നതിനാലാണു വനം വകുപ്പ് നടപടികൾ വൈകുന്നത്. നേരത്തേ അരിക്കൊമ്പന്റെ ദേഹത്തു ഘടിപ്പിക്കുന്നതിനു ജിഎസ്എം റേഡിയോ കോളർ മൂന്നാറിൽ എത്തിച്ചിരുന്നു. പറമ്പിക്കുളത്തു പലയിടത്തും മൊബൈൽ റേഞ്ച് ഇല്ലാത്തതിനാൽ അസമിൽ നിന്നു സാറ്റലൈറ്റ് റേഡിയോ കോളർ എത്തിച്ചു നൽകാൻ വനം വകുപ്പ് തീരുമാനിക്കുകയായിരുന്നു. വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള സാറ്റലൈറ്റ് റേഡിയോ കോളർ അസമിൽ മാത്രമാണുള്ളത്. റേഡിയോ കോളർ എത്തിച്ച ശേഷം മാത്രമേ ദൗത്യസംഘത്തലവൻ ഡോ. അരുൺ സക്കറിയ ഉൾപ്പെടെയുള്ളവർ ചിന്നക്കനാലിലേക്ക് എത്തുകയുള്ളൂ.

## കൊച്ചി കോർപ്പറേഷൻ ജൈവ മാലിന്യ സംസ്കരണത്തിന് മാർഗരേഖ പുറപ്പെടുവിക്കണം : വ്യാപാരി വ്യവസായി ഏകോപന സമിതി

**കൊച്ചി :** കൊച്ചി കോർപ്പറേഷനിലെ ജൈവ മാലിന്യ നീക്കം പൂർണ്ണമായും നിലച്ചിരിക്കുകയാണെന്നും ഇതു മൂലം ചെറുകിട ഇടത്തരം ഹോട്ടലുകളിലെ ഭക്ഷ്യ അവശിഷ്ടങ്ങൾ നീക്കം ചെയ്യാനാവാതെ ഉടമകൾ പ്രതിസന്ധിയിലായെന്നും വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മിറ്റി കുറ്റപ്പെടുത്തി.

ജൈവമാലിന്യം ബ്രഹ്മപുരത്ത് കൊണ്ടുപോയി സംസ്കരിക്കുന്നതിനെ കോടതി വിലക്കിയിട്ടുണ്ട്. പകരം സംവിധാനം ഒരുക്കേണ്ട കോർപ്പറേഷൻ ഇതുവരെയും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എല്ലാ റോഡുവക്കിലും മാലിന്യകൂമ്പാരമാണിപ്പോൾ. ദുർഗന്ധവും, തെരുവുനായ ശല്യവും അതിരൂക്ഷമാണ്. ചെറിയ ഹോട്ടലുകൾ, ബേക്കറികൾ എന്നിവിടങ്ങളിലെ ജൈവ മാലിന്യം മാറ്റാനാവാതെ വന്നിരിക്കുകയാണ്. കൊച്ചി കോർപ്പറേഷൻ പരിധിയിലെ ഇത്തരം സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാനാവാത്ത അവസ്ഥയാണിപ്പോൾ.

മാലിന്യ നീക്കത്തിന് നിർബന്ധിത യൂസർ ഫീസ് വാങ്ങുന്ന കോർപ്പറേഷൻ ജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ബദൽ സംവിധാനം ഉണ്ടാക്കണമെന്ന് ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബ്, ജനറൽ സെക്രട്ടറി അഡ്വ. എ.ജെ.റിയാസ്, ട്രഷറർ സി.എസ്.അജ്മൽ എന്നിവർ ആവശ്യപ്പെട്ടു. മാലിന്യ സംസ്കരണം പ്രതിസന്ധിയിലായിരിക്കുന്ന സാഹചര്യത്തിൽ ഇതിനായി കോർപ്പറേഷൻ ഈടാക്കി വരുന്ന യൂസർ ഫീസ് നിർത്തലാക്കുകയും, വാങ്ങിയ തുക തിരികെ പലിശ സഹിതം തരികയും ചെയ്യണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.

## ഡിജിറ്റൽ വില്ലേജ് ; ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി

**കൊച്ചി:**സാങ്കേതിക മേഖലയിൽ പുരോഗതിയിലേക്കു കുതിച്ചുകൊണ്ടിരിക്കുന്ന ഓരോ ഗ്രാമങ്ങളും മാറ്റത്തിന്റെ പാതയിലാണ്. കേരള കർണ്ണാടക ബോർഡറിലെ ഒരു കൊച്ചു ഗ്രാമത്തിൽ ചെറുപ്പക്കാരുടെ കൂട്ടായ്മയിൽ നടക്കുന്ന സംഭവ വികാസങ്ങളിലൂടെ രസകരമായ രീതിയിൽ കഥ പറയുന്ന ചിത്രമാണ് ഡിജിറ്റൽ വില്ലേജ്. അഖിൽ,ആഷിക് നേതൃത്വം നൽകുന്ന യൂലിൻ പ്രൊഡക്ഷൻസ് ആദ്യമായി നിർമ്മിക്കുന്ന ചിത്രം രചനയും സംവിധാനവും ചെയ്തിരിക്കുന്നത് ഉത്സവ് രാജീവ്,ഫഹദ് നന്ദു എന്നിവർ ചേർന്നാണ്. ചിത്രീകരണം പൂർത്തിയായിരിക്കുന്ന ചിത്രത്തിൽ സീതാഗോളി,കുമ്പള ഗ്രാമത്തിലെ കലാകാരാരും വിവിധ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ ഉണ്ണി മുകുന്ദൻ, ലാൽ, ആന്റണി പെപ്പെ,ദർശന രാജേന്ദ്രൻ, അനന്യ , ബിബിൻ, ടിനു പാപ്പച്ചൻ,സുജിത് വാസുദേവ്, സയനോര തുടങ്ങിയവരുടെ സോഷ്യൽ മീഡിയ പേജുകളിലൂടെയാണ് റിലീസ് ചെയ്തത്.

# മലങ്കര ടൂറിസം : പുനരധിവാസം വൈകുന്നു



**മുട്ടം:** മലങ്കര ടൂറിസം സ്പോട്ടിൽ താമസിക്കുന്നവർക്ക് അനുവദിച്ച സ്ഥലത്ത് വീട് നിർമാണം വൈകുന്നു. 8 കുടുംബങ്ങളുടെ പുനരധിവാസമാണ് വൈകുന്നത്. വീട് നന്നാക്കാൻ കഴിയാതെ ഇവിടെ താമസിക്കുന്നവരും ടൂറിസം സ്പോട്ടിലെ വികസന പ്രവർത്തനം നടത്താനാകാതെ അധികാരികളും ബുദ്ധിമുട്ടുന്നു. ടൂറിസം സ്പോട്ടിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ മലങ്കര ഹില്ലി അക്വാ ഫാക്ടറിക്കു സമീപം സ്ഥലം കണ്ടെത്തിയിരുന്നു.

ടൂറിസം സ്പോട്ടിൽ താമസിക്കുന്ന 5 കുടുംബങ്ങൾക്ക് വീട് വച്ചു നൽകി പുനരധിവസിപ്പിച്ചു. മറ്റു കുടുംബങ്ങൾക്കായി വീട് നിർമിക്കണമെങ്കിൽ ചെങ്കുത്തായി കിടക്കുന്ന സ്ഥലം നിരപ്പാക്കണം. ഇതിന് 57 ലക്ഷം രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുള്ള ഫണ്ട് കണ്ടെത്താനാകാത്തതിനാൽ പുനരധിവാസം വൈകുകയാണ്. മുട്ടം ഗ്രാമ പഞ്ചായത്ത് ഓവർസീയർ നടത്തിയ പരിശോധനയിലാണ് 57 ലക്ഷം രൂപ ചെലവ് വരുമെന്ന് കണ്ടെത്തിയത്.

13 കുടുംബങ്ങൾക്കായി 51 സെന്റോളം ഭൂമിയാണ് മലങ്കരയിൽ അനുവദിച്ചത്. ഇതിൽ 5 കുടുംബങ്ങൾക്ക് ലൈഫ് ഭവനപദ്ധതിയിൽ പെടുത്തി വീട് നിർമിച്ച് നൽകുകയും ചെയ്തിരുന്നു. ബാക്കി എട്ട് വീടുകൾ നിർമിക്കണമെങ്കിൽ കുന്നിൻ ചെരിവായ ഈ പ്രദേശത്ത് ഉയരത്തിൽ മതിൽ കെട്ടി സംരക്ഷിക്കണം. ശേഷം 30 അടിയോളം ഉയരത്തിൽ മണ്ണിട്ട് നികത്തണം. ഈ തുക പഞ്ചായത്തിന് കണ്ടെത്താൻ പ്രയാസമായതിനാൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, എംഎൽഎ, എംപി എന്നിവർക്ക് നിവേദനം നൽകി കാത്തിരിക്കുകയാണ്.

കഴിഞ്ഞദിവസം ടൂറിസം വികസനവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ പഞ്ചായത്ത് പ്രസിഡന്റ് ഷൈജ ജോമോൻ ഇക്കാര്യം അവതരിപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തു. ഭൂമി തരപ്പെടുത്തുന്നതിനു വേണ്ടി മാത്രമായി 57 ലക്ഷം രൂപ ലഭിക്കാൻ ബുദ്ധിമുട്ടാണെന്നും മറ്റ് അനുയോജ്യമായ ഭൂമി തരപ്പെടുത്തുന്നതാണ് ഉചിതമെന്നും ചർച്ചയിൽ അഭിപ്രായം വന്നു. ഈ അനുവദിച്ച സ്ഥലത്തിന് തൊട്ട് അടുത്ത് തന്നെ എംവിഐപി കിൻഫ്രയ്ക്കു സ്ഥലം നൽകിയിരുന്നു.

ഈ സ്ഥലം ഏറെ നാളായി അനാഥമായി കിടക്കുകയാണ്. ഇത് ഇവർക്കായി നൽകാൻ സാധിക്കുമോ എന്ന് പരിശോധിക്കുമെന്ന് കലക്ടർ പറഞ്ഞു. 5 വീടുകൾ നിർമിച്ചെങ്കിലും ഇവർക്ക് വൈദ്യുതിയും വെള്ളവും ഇതുവരെ ലഭിച്ചിട്ടില്ല. താമസത്തിന് എത്തേണ്ട മുഴുവൻ പേരും ബിപിഎൽ ലിസ്റ്റിൽ പെട്ടവർ ആയതിനാൽ സൗജന്യമായി വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതാണ്. എന്നാൽ അതും ലഭിച്ചിട്ടില്ല. 13 കുടുംബങ്ങളും നിലവിൽ ഡാമിന് സമീപത്ത് പുറമ്പോക്കിൽ കുടിൽ കെട്ടിത്താമസിച്ചു വരികയാണ്. അധികാരികൾ ഇടപെട്ട് എത്രയും വേഗം ഇവരെ പുനരധിവസിപ്പിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം

## എറണാകുളം ജനറൽ ആശുപത്രിയിൽ 56 ഡയാലിസിസ് യൂണിറ്റ്

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ 3 മാസത്തിനകം 36 ഡയാലിസിസ് യൂണിറ്റുകൾ കൂടി സജ്ജമാക്കും. നിലവിൽ 20 ഡയാലിസിസ് യൂണിറ്റുകൾ മാത്രമാണ് ആശുപത്രിയിലുള്ളത്. അതുകൊണ്ടു തന്നെ രോഗികളിൽ ഒട്ടേറെ പേർക്കു സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു. ഈ സാഹചര്യത്തിലാണു നിർമാണം പൂർത്തിയായ 3 നില കെട്ടിടത്തിൽ 56 യൂണിറ്റുകളുള്ള അത്യാധുനിക ഡയാലിസിസ് സംവിധാനം സജ്ജമാക്കുന്നത്.

ഹൈബി ഈഡൻ എംപിയുടെ ഫണ്ടിനൊപ്പം സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സ്പോൺസർഷിപ്പും പ്രയോജനപ്പെടുത്തിയാണു ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കുന്നത്. ഒരു യൂണിറ്റ് സജ്ജമാക്കാൻ 6 ലക്ഷം രൂപയാണു ചെലവ്. ജൂൺ അവസാനത്തോടെ യൂണിറ്റ് സജ്ജമാകുമെന്നും അതോടെ കൂടുതൽ രോഗികൾക്കു ഡയാലിസിസ് സേവനം നൽകാൻ കഴിയുമെന്നും സൂപ്രണ്ട് ഡോ. ആർ. ഷാഹിർഷാ പറഞ്ഞു. ആശുപത്രിയിലെ നവീകരിച്ച കോൺഫറൻസ് ഹാൾ, പ്രസവ ശുശ്രൂഷയ്ക്കായി 9 കിടക്കകളുള്ള ഹൈ ഡിപ്പൻഡൻസി യൂണിറ്റ്, 2 വാർഡുകൾ എന്നിവയുടെ ഉദ്ഘാടനം 18നു മന്ത്രി വീണാ ജോർജ് നിർവഹിക്കും.

ജനറൽ ആശുപത്രിയിലെ ഫാർമസി സംവിധാനം കൂടുതൽ കൗണ്ടറുകൾ ഉൾപ്പെടുത്തി അടുത്തിടെ നവീകരിച്ചിരുന്നു. നേരത്തേയുണ്ടായിരുന്ന 3 കൗണ്ടറുകൾക്കു പകരം 11 ഫാർമസി കൗണ്ടറുകളാണ് ഇപ്പോൾ ആശുപത്രിയിലുള്ളത്. 13 ലക്ഷം രൂപ ചെലവിലാണ് ഒപിയിൽ പുതിയ 8 കൗണ്ടറുകൾ നിർമിച്ചത്.

# മൂന്നാറിലെ നിലവാരമില്ലാത്ത കടകൾ നീക്കം ചെയ്യണം: സബ് കലക്ടർ

**മൂന്നാർ:** മൂന്നാറിന്റെ മനോഹാര്യതയ്ക്കു കോട്ടം തട്ടുന്ന വിധത്തിൽ പ്രധാന മാർക്കറ്റിനുള്ളിൽ നീല പടുതകളും കാട്ടുകമ്പുകളുമുപയോഗിച്ച് സ്ഥാപിച്ച് കച്ചവടം നടത്തുന്നവർക്കെതിരെ രൂക്ഷവിമർശനവുമായി ദേവികുളം സബ് കലക്ടർ രാഹുൽ കൃഷ്ണശർമ. ഫുഡ് സേഫ്റ്റി അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ രാജ്യത്തെ മാർക്കറ്റുകൾ മികച്ച നിലവാരമുള്ളതാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി ദേവികുളത്ത്, വിവിധ ഉദ്യോഗസ്ഥരുടെയും വ്യാപാരികളുടെയും നേതൃത്വത്തിൽ നടന്ന യോഗത്തിലാണ് സബ് കലക്ടർ വിമർശനമുന്നയിച്ചത്.

വിവിഐപികളും വിദേശികളുമടക്കമുള്ളവർ ദിവസേനയെത്തുന്ന മൂന്നാറിൽ യാതൊരു നിലവാരവുമില്ലാതെയും വൃത്തിഹീനമായ സാഹചര്യത്തിലും നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾ മൂന്നാറിന്റെ പേരിന് തന്നെ കളങ്കമാണെന്നും ഇവ നീക്കം ചെയ്ത് നിലവാരമുള്ള രീതിയിൽ കടകൾ നിർമിച്ചു നൽകാനും സബ് കലക്ടർ ഭൂവുടമകളായ കെഡിഎച്ച്പി കമ്പനിക്ക് നിർദേശം നൽകി.

എന്നാൽ മാർക്കറ്റിനുള്ളിലെ നടപ്പാതയുടെ ഇരുവശങ്ങളിലും നിലത്തിരുന്ന് കച്ചവടം ചെയ്യാനാണ് തങ്ങൾ അനുമതി നൽകിയിരിക്കുന്നതെന്നും ഇത്തരം ഷെഡുകൾ പണിയാൻ അനുവദിച്ചിട്ടില്ലെന്നുമായിരുന്നു കമ്പനിയുടെ വാദം. രാജ്യത്തെ എല്ലാ മാർക്കറ്റുകളിലും അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിച്ച് മികച്ച നിലവാരമുള്ളവയാക്കി മാറ്റുന്നതിനുള്ള പദ്ധതിക്ക് ഫുഡ് സേഫ്റ്റി അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ പദ്ധതികൾ ആരംഭിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് ദേവികുളത്തും യോഗം നടന്നത്. യോഗത്തിൽ പഞ്ചായത്ത്, ആരോഗ്യ വകുപ്പ്, ഫുഡ് സേഫ്റ്റി അതോറിറ്റി അധികൃതർ, മാർക്കറ്റിലെ വ്യാപാരികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com